# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 828 30/06/2011-ൽ മറുപടിക്ക്

## വീട് തകരുന്നവർക്ക് അടിയന്തിര ദുരിതാശ്വാസം ലഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ. സി.രവീന്ദ്രനാഥ്** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. റവന്യൂ വകുപ്പ് മന്ത്രി)** |
| വീട് തകരുന്നത് ഉൾപ്പെടെ അടിയന്തിര സ്വഭാവമുള്ള പ്രശ്നങ്ങൾക്ക് ദുരിതാശ്വാസ തുകയുടെ 25 ശതമാനം ഉടൻ തന്നെ ലഭ്യമാക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയുടെ വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾ പ്രകാരം പ്രകൃതിക്ഷോഭത്തോടനുബന്ധിച്ച് സംഭവിക്കുന്ന മരണം, പരുക്ക് പറ്റുന്നവർ തുടങ്ങിയ അടിയന്തിര സ്വഭാവമുള്ള പ്രശ്നങ്ങൾക്ക് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിരമായി ധനസഹായം അനുവദിക്കുന്നുണ്ട്. പ്രകൃതിക്ഷോഭ ദുരന്തങ്ങളിൽ മരണപ്പെടുന്നവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 1 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. പോസ്റ്റുമോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ തുടങ്ങിയ ബന്ധപ്പെട്ട രേഖകൾ ലഭിച്ചതിന് ശേഷമേ ഈ തുക പൂർണ്ണമായും കൈമാറാറുള്ളു എന്നതിനാൽ ഒരു നിശ്ചിത തുക അടിയന്തിരമായി കുടുംബത്തിന് അനുവദിക്കാറുണ്ട്. ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവർക്കും അടിയന്തിരമായി ധനസഹായം ലഭ്യമാക്കുന്നു.<br><br>പ്രകൃതിക്ഷോഭത്തിൽ വീട് പൂർണ്ണമായി തകർന്നവർക്ക് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ മാനദണ്ഡ പ്രകാരം 35000/- രൂപയും സംസ്ഥാനത്തിന്റെ പ്രത്യേക വിഹിതമായി 65000/- രൂപയും ചേർത്ത് 1 ലക്ഷം രൂപ അനുവദിച്ചുവരുന്നു. വീട് തകർന്നവർ അപേക്ഷ നൽകി റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് ധനസഹായം തഹസിൽദാർ അനുവദിച്ചു നൽകുന്നു. പൂർണ്ണമായും വീട് തകർന്നവരുടെ അടിയന്തിര പുനരധിവാസവും സർക്കാർ തലത്തിൽ നടത്തുന്നുണ്ട്. അടിയന്തിര സഹായം ലഭ്യമാക്കേണ്ട കേസുകളിൽ ധനസഹായവും അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

4